<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1249</u> <u>07-02-2023 - ൽ മറുപടിയ്ക്ക്</u>

<u>എം.സി. റോഡിന്റെ വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | എം.സി. റോഡിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | **എം.സി. റോഡ് നാല് വരിയായി വികസിപ്പിക്കുന്നതിന് തത്വത്തിലുള്ള ഭരണാനുമതി 05.11.2022 ലെ GO(Rt)No.1069/2022/PWD പ്രകാരം ഉത്തരവായി. പദ്ധതിക്കായുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നിലവിലുള്ള എം.സി. റോഡിന്റെ രണ്ട് വരിപ്പാത നാല് വരിപ്പാതയായി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് സർവേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. **ഈ പദ്ധതിയുടെ പ്രീ-ഫീസിബിലിറ്റി പഠനം പൊതുമരാമത്ത് ഡിസൈൻ വിഭാഗം നടത്തിവരുന്നു.** |
| (സി) | എം.സി. റോഡ് രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ടി സ്ഥലം വിട്ട് നൽകിയവർ തന്നെ നാലുവരിപ്പാതയ്ക്കും സ്ഥലം വിട്ടുനൽകേണ്ടിവരുമോയെന്നുള്ള റോഡ് കടന്നുപോകുന്ന സ്ഥലങ്ങളിലെ ജനങ്ങളുടെ ആശങ്ക ഒഴിവാക്കുന്നതിനായി ആയതിന്റെ സത്യാവസ്ഥ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുമോ; | (സി) | DPR തയ്യാറാക്കി, വിശദമായ പഠനം നടത്തി മാത്രമേ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. 2013ലെ സ്ഥലം ഏറ്റെടുക്കൽ നിയമം നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തി മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോവുകയുള്ളൂ. |
| (ഡി) | എം.സി. റോഡ് നാല് വരിപ്പാത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | DPR തയ്യാറാക്കി, വിശദമായ പഠനം നടത്തി മാത്രമേ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. 2013ലെ സ്ഥലം ഏറ്റെടുക്കൽ നിയമം നിഷ്കർഷിക്കുന്ന പ്രകാരം സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ളവ നടത്തി മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ